കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

...എൽ.ഡി.3/039045/2019

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി. 05.03..2022

**കാരണം കാണിക്കൽ നോട്ടീസ്**

ആറ്റിങ്ങൽ യൂണിറ്റിലെ കണ്ടക്ടർ ശ്രീ.എസ്. സുന എന്ന താങ്കൾ 18.01.2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്.

താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. ജോലി നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വിമുഖത കാണിക്കുന്ന താങ്കളുടെ മേൽ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപമാകയാൽ 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 14.08.2020 തീയതിയായി കുറ്റപത്രം നൽകി. ആയത് താങ്കളുടെ സേവനപുസ്തകത്തിലെ മേൽവിലാസത്തിൽ അയച്ച് നൽകിയെങ്കിലും 'Addressee left India' എന്ന് രേഖപ്പെടുത്തി മടങ്ങിവന്നിട്ടുള്ളാണ്.

തുടർന്ന് 30.11.2020 തീയതിയായി കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതും ആയത് താങ്കളുടെ സേവനപുസ്തകത്തിലെ മേൽ വിലാസത്തിൽ അയച്ചുനൽകിയെങ്കിലും ആയതും കൈപ്പറ്റാതെ 'Addressee left India' എന്ന് രേഖപ്പെടുത്തി മടങ്ങിവന്നിട്ടുള്ളതുമാണ്.

തുടർന്ന് ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി ഫയൽ കൊല്ലം യൂണിറ്റധികാരിയ്ക്ക് കൈമാറുകയും താങ്കളെ കുറ്റക്കാരനായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കളുടെ സേവനപുസ്തകത്തിലെ മേൽവിലാസത്തിൽ അയച്ച് നൽകിയെങ്കിലും ആയതും മടങ്ങിവന്നിട്ടുള്ളതുമാണ്. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന താങ്കളുടെ പ്രവൃത്തി ന്യായീകരിക്കാവുന്നതല്ല. കോർപ്പറേഷനിൽ ഉത്തരവാദിത്വപ്പെട്ട ജീവനക്കാരനായിരിക്കെ കോർപ്പറേഷന് നൽകേണ്ട സേവനം ലഭ്യമാക്കാതെ അവധി ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയും കൃത്യവിലോപവുമാണ്. അവധിചട്ടങ്ങളും കോർപ്പറേഷന്റെ നിലവിലുള്ള നിയമങ്ങളും ലംഘിച്ചുകൊണ്ട് ദീർഘനാളായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു. താങ്കളുടെ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിനെ സാരമായി ബാധിക്കുന്നു.

ആകയാൽ താങ്കൾ കഠിന ശിക്ഷയ്ക്ക് അർഹനാണ്. ഇക്കാരണങ്ങളാൽ 1960-ലെ ~~താങ്കളെ~~ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം II (Vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു.

ഈ ശിക്ഷ ശ്രീ.എസ്. സുന എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ താങ്കളുടെ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ താങ്കളുടെ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ വിശദീകരണമോ നൽകുവാനില്ല എന്നനുമാനിക്കുന്നതും അനന്തരനടപടി കൈക്കൊള്ളുന്നതുമാണ്.

14/3/2022

മുഹമ്മദ് അൻസാരി
(ഗവ:അഡീഷണൽ സെക്രട്ടറി)
എക്സിക്യൂട്ടീവ് ഡയറക്ടർ (ഭരണവും, വിജിലൻസും)

സ്വീകർത്താവ് : ശ്രീ.എസ്. സുന, കണ്ടക്ടർ, ആറ്റിങ്ങൽ
(അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ, ആറ്റിങ്ങൽ മുഖാന്തിരം)

പകർപ്പ് : അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ, ആറ്റിങ്ങൽ – ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ച തരേണ്ടതാണ്.
സ്റ്റോക്ക് ഫയൽ / ഫയൽ

BSA